# *സെക്കൻഡറി സ്കൂൾ ഫോറസ്ട്രി ക്ലബ്ബ്*

വന്യമൃഗങ്ങളും  പൊതുസമൂഹവും , പ്രതിസന്ധികളും പരിഹാരങ്ങളും എന്ന വിഷയത്തിൽ തേമ്പാമൂട് ജനതാ ഹയർ സെക്കൻഡറി സ്കൂൾ ഫോറസ്ട്രി ക്ലബ്ബിൻറെയും വനംവകുപ്പ് പാലോട് റേഞ്ച് ഓഫീസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വന മഹോത്സവത്തിന്റെ ഭാഗമായി    വിദ്യാർഥികൾക്കായി സെമിനാർ സംഘടിപ്പിച്ചു.




സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ സ്കൂൾ പ്രിൻസിപ്പാൾ പ്രദീപ് നാരായൺ ഉദ്ഘാടനം ചെയ്തു

എൻഎസ്എസ് പ്രോഗ്രാം ഓഫീസർ   പനവൂർ നിസാമുദീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സൗക്ട്ട് മാസ്റ്റർ ശ്രീ.റിജു വി.ആർ സ്വാഗതവും സൗഹൃദ കോർഡിനേറ്റർ ശ്രീമതി . ഷീന ജോസ് നന്ദിയും അർപ്പിച്ചു . വനം വകുപ്പ് ഉദ്യോഗസ്ഥരായ  ഹരി പ്രസാദ് ആർ  , രാജേഷ് ആർ എന്നിവർ കുട്ടികൾക്ക് ഈ വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നൽകി .

വന്യമൃഗങ്ങൾ അടുത്ത് ഇടപെടേണ്ട സാഹചര്യത്തിൽ മനുഷ്യർ സ്വീകരിക്കേണ്ട മുൻകരുതലുകൾ , അവയോട് ഏതു തരത്തിൽ  പെരുമാറണമെന്ന മാർഗ നിർദ്ദേശങ്ങളും കുട്ടികൾക്ക് ലഭിക്കാൻ ഈ സെമിനാർ സഹായകരമായി .